കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിൽ പങ്കെടുക്കുന്ന ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങൾക്കുള്ള ആനുകൂല്യം - നിരതദ്രവ്യം, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഒഴിവാക്കൽ - ഭേദഗതി.- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം 542 /2018/തസ്വഭവ തിരുവനന്തപുരം, തീയതി, 24.02.2018

---

വായന :-

1. സ.ഉ.(സാധാ)നം. 2780/2017/തസ്വഭവ തിയതി 11/08/2017
2. സ.ഉ.(സാധാ)നം. 3630/2017/തസ്വഭവ തിയതി 10/11/2017
3. ഭരണിക്കാവ് ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റിന്റെ 08.12.2017-ലെ കത്ത്.
4. കൊല്ലം കോർപ്പറേഷൻ ലേബർ കോൺട്രാക്റ്റ് കോഓപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറിയുടെ 09.02.2018-ലെ കത്ത്.

<u>ഉത്തരവ്</u>

തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറുകളിൽ പങ്കെടുക്കുന്ന ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങൾക്ക് മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവ് പ്രകാരം ആനുകൂല്യങ്ങൾ അനുവദിച്ച് നൽകിയിരുന്നു. മുകളിൽ രണ്ടാമതായി വായിച്ച സർക്കാർ ഉത്തരവു പ്രകാരം, ടി സംഘങ്ങളെ നിരതദ്രവ്യം, അധിക ഡെപ്പോസിറ്റ് എന്നിവ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. മരാമത്ത് പണികൾക്ക് സെക്യൂരിറ്റി ഡെപ്പോസിറ്റ് അടയ്ക്കേണ്ടി വരുന്നതിനാൽ ഇക്കാര്യത്തിൽ സ്പഷ്ടീകരണം നല്കണമെന്ന് മുകളിൽ മൂന്നാമതായും നാലാമതായും വായിച്ച കത്തുകൾ പ്രകാരം ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുകളിൽ രണ്ടാമതായി വായിച്ച സർക്കാർ ഉത്തരവിലെ 'നിരതദ്രവ്യം, അധിക ഡെപ്പോസിറ്റ് എന്നിവ ഒഴിവാക്കി' എന്നതിന് പകരം 'നിരതദ്രവ്യം, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഒഴിവാക്കി' എന്ന് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

3) മുകളിൽ ഒന്നാമതായും, രണ്ടാമതായും വായിച്ച സർക്കാർ ഉത്തവുകൾ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും-ഗ്രാമവികസന കമ്മീഷണർ മുഖേന
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
പ്രസിഡന്റ്, ഭരണിക്കാവ് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ,കൊല്ലം
പ്രസിഡന്റ്, കേരള ലേബർ കോൺട്രാക്ട് സഹകരണ വെൽഫയർ അസോസിയേഷൻ ,മണ്ണന്തല,തിരുവനന്തപുരം
സെക്രട്ടറി,ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ്സൊസൈറ്റി,വടകര,കോഴിക്കോട്
സെക്രട്ടറി, കൊല്ലം കോർപ്പറേഷൻ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റി
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (റൂറൽ) യുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബ്ബൻ) യുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ